വൈദ്യുതി ബോർഡിന്റെ പ്രവർത്തനമികവിന് ലഭിച്ച അംഗീകാരങ്ങൾ

172 (1136) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപ് പ്രവർത്തന മികവിന് എന്തെങ്കിലും ദേശീയ അംഗീകാരം വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവർത്തന മികവിന് വൈദ്യുതി ബോർഡിന് എന്തെല്ലാം ദേശീയാംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്ക് കേരളത്തിന് പ്രഥമ ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അവാർഡിന് എന്തൊക്കെ ഘടകങ്ങളാണ് പരിഗണിക്കപ്പെട്ടതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്. കേന്ദ്ര ഊർജ്ജ മന്ത്രാലയം ഏർപ്പെടുത്തിയ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡിൽ ഏറ്റവും നല്ല സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി വിഭാഗത്തിൽ എനർജി മാനേജ്മെന്റ് സെന്ററിന് 2008-ലും ഈ വിഭാഗത്തിൽ രണ്ടാം സ്ഥാനം 2010-ലും ലഭിക്കുകയുണ്ടായി. 2008-ലാണ് ദേശീയ അവാർഡുകളിൽ ഈ വിഭാഗം ഉൾപ്പെടുത്തിയത്. ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളിലും സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഊർജ്ജോപയോഗത്തിന്റെ അളവ്, ഊർജ്ജ ലാഭത്തിന്റെ അളവ്, ഓരോ മേഖലയിലുമുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, സംസ്ഥാന പദ്ധതികളുടെയും, നിയമം നടപ്പിലാക്കുന്ന കേന്ദ്ര ഏജൻസിയായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ നേതൃത്വത്തിൽ നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ, സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ മേഖലയിലുള്ള നിയമ നിർമ്മാണങ്ങൾ, മറ്റു പ്രവർത്തനങ്ങൾ എന്നിവയാണ് അവാർഡിനുള്ള മാനദണ്ഡങ്ങൾ.

ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി

173 (1137) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് എന്നാണ് സർക്കാരിന് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രോജക്ട് റിപ്പോർട്ടിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly